പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 698 08.08.2017 ൽ മറുപടിക്ക്

**കാടാമ്പുഴ ശ്രീ ഭഗവതിക്ഷേത്രം ശബരിമലയുടെ ഇടത്താവളമാക്കൽ**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാടാമ്പുഴ ശ്രീ ഭഗവതി ക്ഷേത്രം ശബരിമലയുടെ ഇടത്താവളമാക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br>(ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച നടന്ന പ്രവർത്തനങ്ങളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിച്ച് അനുമതി നൽകുന്ന നടപടികൾ എന്തെല്ലാമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) ഉം<br>മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ശ്രീ. കാടാമ്പുഴ ഭഗവതി ക്ഷേത്രം ശബരിമലയുടെ ഇടത്താവളമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പ്രാരംഭദശയിലാണ്. ശബരിമല തീർത്ഥാടനത്തിന് എത്തുന്ന ഭക്തർക്ക് ശുചിമുറികൾ, ആഹാരം, താമസം, വിശ്രമം, വാഹന പാർക്കിംഗ്, ഇന്ത്യൻ ഓയിൽ കോർപറേഷന്റെ റീട്ടെയിൽ ഔട്ട് ലെറ്റ്, എന്നീ സൗകര്യങ്ങളോടെ ശബരിമല ഇടത്താവളം ഒരുക്കുന്നതിനായി ആർക്കിടെക്റ്റ്. ഇന്ത്യൻ ഓയിൽ കോർപറേഷൻ ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം സ്ഥലം സന്ദർശിച്ച് ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| (സി) കാടാമ്പുഴ ദേവി ക്ഷേത്ര പുനരുദ്ധാരണത്തിന് സർക്കാർ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) കാടാമ്പുഴ ക്ഷേത്രത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ചും സ്പോൺസർഷിപ്പ് മുഖേനയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആയതിനാൽ സർക്കാർ സഹായം നൽകേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ